(ബി) ഇതിൽ ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ നബാർഡ് സഹായം, സംസ്ഥാന വിഹിതം എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ഡി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

കേരള വാട്ടർ അതോറിറ്റിയിൽ ജോലി ചെയ്യുന്ന എച്ച്.ആർ. ജീവനക്കാർ

133 (2413) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ജോലി ചെയ്യുന്ന എച്ച്.ആർ. ജീവനക്കാർക്ക് വേതനം കൃത്യമായി ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എച്ച്.ആർ. വിഭാഗം ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; ഇവർക്ക് മിനിമം വേതനം ഉറപ്പാക്കുവാൻ സർക്കാർ ഭാഗത്തുനിന്നും ബോർഡിന്റെ ഭാഗത്തുനിന്നും നടപടി ആരംഭിക്കുമോ?

ഉത്തരം

(എ) 2014 മാർച്ച് മാസം മുതൽ കരാറുകാർ മുഖേന ജോലി ചെയ്യുന്ന എച്ച്.ആർ. ജീവനക്കാരുടെ വേതനം കമ്പ്യൂട്ടർവൽക്കരിക്കുകയുണ്ടായി. അന്നു മുതൽ അതാതു മാസത്തെ വേതനം അടുത്തമാസം 15-ാം തീയതിക്ക് മുമ്പ് നൽകി വരുന്നുണ്ട്. 2014 മാർച്ചിനു മുമ്പുള്ള മാസത്തെ കടിശ്ശിക അതാത് ഡിവിഷനുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് കണക്കുകൾ പരിശോധിച്ച് തീർപ്പാക്കുന്നുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ കരാറുകാർ മുഖേനയാണ് സ്ഥിരം ജീവനക്കാർ ഇല്ലാത്ത പമ്പ് ഹൗസുകളും മറ്റും പ്രവർത്തിപ്പിക്കുന്നത്. ഇത്തരം പ്രവൃത്തികൾക്ക് കരാർ നൽകി വരുന്നത് സർക്കാർ അംഗീകൃത ഷെഡ്യൂൾ റേറ്റ് അനുസരിച്ചാണ്. ഇത് നിലവിൽ ഗവൺമെന്റ് അംഗീകൃത മിനിമം വേജസിന് മുകളിലുള്ള തുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly